# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T2630 09.07.2015 -ൽ മറുപടിക്ക്**

## മോഡൽ സേഫ്റ്റി കോറിഡോർ

**ചോദ്യം**
**ശ്രീ.ബി.സത്യൻ**

(എ) കെ.എസ്.റ്റി.പി യുടെ കീഴിൽ ലോകബാങ്കിന്റെ സഹായ ത്തോടെ കഴക്കൂട്ടം-അടൂർ റോഡ് ഒരു മോഡൽ സേഫ്റ്റി കോറിഡോർ ആയി വികസി പ്പിക്കുമെന്ന 2013 ലെ ബജറ്റ് പ്രഖ്യാപനം നടപ്പിൽ വരുത്തി യിട്ടുണ്ടോ ; വിശദമാക്കാമോ ;

**ഉത്തരം**
**ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്**
**(പൊതുമരാമത്ത് വകുപ്പുമന്ത്രി)**

(എ) ലോകബാങ്ക് സഹായത്തോടെയുള്ള കെ. എസ്സ്.ടി.പി യുടെ രണ്ടാംഘട്ട പദ്ധതി യിൽ കഴക്കൂട്ടം മുതൽ അടൂർ വരെയുള്ള റോഡ് മോഡൽ സേഫ് കോറിഡോറായി വികസിപ്പിക്കുന്ന പദ്ധതി ഉൾപ്പെടുത്തിയി ട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിന് മേൽനോട്ടം വഹിക്കുന്നത് കെ.എസ്സ്.ടി. പി യും സംസ്ഥാന റോഡ് സേഫ്റ്റി അതോറിറ്റിയും ചേർന്നാണ്. ഇതിന്റെ ആദ്യ പ്രവർത്തനമായി നാറ്റ്പാക്ക് എന്ന സ്ഥാപനത്തെക്കൊണ്ട് നിലവിലുള്ള വിവര ശേഖരണത്തിനായി ബേസ് ലൈൻ സർവ്വേ നടത്തി. M/s VicRoads എന്ന ഓസ്ട്രേലിയൻ സ്ഥാപനത്തെ കൺ സൾട്ടന്റ് ആയി നിയമിച്ചിട്ടുണ്ട്. കൺ സൾട്ടന്റ്, സംസ്ഥാനത്ത് റോഡു സുരക്ഷാ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടി ട്ടുള്ള എല്ലാ വകുപ്പുകളുമായും സംസ്ഥാന റോഡ് സേഫ്റ്റി അതോറിറ്റിയുമായും ആശയ വിനിമയം നടത്തി, അതിനു ശേഷം റോഡ് സേഫ്റ്റി കൗൺസിലിനെ ശക്തിപ്പെടുത്തുന്ന പരിപാടികളും ബന്ധ പ്പെട്ട മറ്റു വകുപ്പുകളിൽ റോഡു സുരക്ഷാ

| | | |
|---|---|---|
| | | യൂണിറ്റുകൾ സ്ഥാപിച്ച് സജ്ജമാക്കുന്നതിനും പരിശീലിപ്പിക്കുന്നതിനും കഴക്കൂട്ടം - അടൂർ മോഡൽ സേഫ് കോറിഡോർ വികസിപ്പിക്കുന്നതിനും വേണ്ട പ്രവർത്തനങ്ങൾ നടന്നു വരികയാണ്. |
| (ബി) | കെ.എസ്.റ്റി.പി യുടെ കീഴിൽ റോഡ് - റെയിൽ - ജല ഗതാഗത സംവിധാനങ്ങളെ സംയോജിപ്പിച്ചുകൊണ്ട് ഏർപ്പെട്ടുത്തുമെന്ന് പ്രഖ്യാപിച്ചിരുന്ന മൾട്ടിമോഡൽ സംയോജിത ഗതാഗത സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ എവിടെയെല്ലാം നടപ്പിൽ വരുത്തിയിട്ടുണ്ട്; വ്യക്തമാക്കാമോ? | (ബി) മൾട്ടി മോഡൽ സംയോജിത ഗതാഗത സംവിധാനം നടപ്പിലാക്കുവാനായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിൽ പ്രാരംഭ സാധ്യതാ പഠനം L&T Rambol എന്ന വിദഗ്ധ കൺസൾട്ടന്റിനെക്കൊണ്ട് കെ.എസ്സ്.ടി.പി നടത്തുകയുണ്ടായി. ഈ പദ്ധതി നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന പ്രയോജനങ്ങളും ദോഷഫലങ്ങളും അവസര സാധ്യതകളും പരിശോധിച്ച ശേഷം (SWOT analysis) മേൽപ്പറഞ്ഞ നഗരങ്ങളിൽ ഇതു പ്രായോഗികമാണെന്നും അതിനു യോജിച്ച സ്ഥലങ്ങളുണ്ടെന്നും കണ്ടെത്തിയിട്ടുണ്ട്. ഈ പ്രാരംഭ സാധ്യത പഠനത്തിന്റെ റിപ്പോർട്ട് പരിശോധിച്ചു വരുന്നതേയുള്ളൂ. |

സെക്ഷൻ ഓഫീസർ